**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.778 10.02.2016-ൽ മറുപടിക്ക്**

**സർക്കാർ ആശുപത്രികളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ കുറവ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഉമ്മർ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (ബി) ചീഫ് കൺസൾട്ടന്റ്, കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി ജനറൽ കേഡറിൽ ജോലി ചെയ്തുവരുന്ന സ്പെഷ്യാലിറ്റി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ചുകൊണ്ട് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) താത്കാലിക വ്യവസ്ഥയിൽ നിയമിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ പാലിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (സി) ജില്ലാ മെഡിക്കൽ ഓഫീസർ വഴി അഡ്ഹോക്ക് നിയമനങ്ങൾ നടത്തുന്നു. കൂടാതെ ഒഴിവുള്ള തസ്തികകളിൽ എൻ.ആർ.എച്ച്.എം-ൽ നിന്നും താൽക്കാലിക നിയമനം നൽകി ഒഴിവു നികത്തുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ